24941
23/11/17

File No.FWLD-B1/149/2016-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - മറയൂർ ഡിവിഷൻ ഓഫീസ് പരിസരത്തുള്ള ഓഫീസുകളിൽ നിൽക്കുന്ന ഉണക്ക ചന്ദന മരങ്ങൾ മുറിച്ച് ലേലം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യ ജീവി (ബി) വകുപ്പ്

G.O.(Rt)No. 444/2017/F&WLD തീയതി,തിരുവനന്തപുരം, 20/11/2017

പരാമർശം:-

1) 14.07.2017 തീയതിയിലെ മംഗളം, ദേശാഭിമാനി വാർത്ത

2 ) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 18.08.2016, 18.11.2016, 21.10.2017 തീയതികളിലെ പ്രൊ(9)36799/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

മറയൂർ ഡിവിഷൻ ഓഫീസ് പരിസരത്തുള്ള സർക്കാർ, അർദ്ധ സർക്കാർ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കോമ്പൗണ്ടിൽ നിൽക്കുന്ന ഉണക്ക ചന്ദന മരങ്ങൾ മോഷണം പോകാൻ സാദ്ധ്യത ഉള്ളതിനാൽ ഇത്തരത്തിൽ നിൽക്കുന്ന ചന്ദന മരങ്ങൾ മുറിച്ച് മറയൂർ സാൻഡൽ ഡിവിഷനിലെത്തിച്ച് ലേലം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം ( 2 ) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ പരാമർശം (2) ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറയൂർ ഡിവിഷൻ ഓഫീസ് പരിസരത്തുള്ള സർക്കാർ, അർദ്ധ സർക്കാർ, മറ്റ് പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കോമ്പൗണ്ടിൽ നിൽക്കുന്ന ഉണങ്ങിയ ചന്ദന മരങ്ങൾ മുറിച്ച് മറയൂർ സാൻഡൽ ഡിവിഷനിൽ എത്തിച്ച് ലേലം ചെയ്യുന്നതിന് പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന് അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സാൻഡൽ ഡിവിഷൻ, മറയൂർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ